
ഓം നമഃ ശിവായ
ശ്രീ നെയ്തലക്കാവിലമ്മേ ശരണം
OM NAMA SHIVAYA, SREE NEITHALAKAVILAMME SARANAM
കുറ്റൂർ ശ്രീ നെയ്തലക്കാവ് ക്ഷേത്രം
ക്ഷേത്ര ഉപദേശക സമിതി
കൊച്ചിൻ ദേവസ്വം ബോർഡ് KUS 181/2025
2026
ഏപ്രിൽ
2026 | APRIL
20 മുതൽ തിങ്കൾ
വരെ 27 തിങ്കൾ
തൃശ്ശൂർ പൂരം
THRISSUR POORAM
1201 മേടം 07–14
1201 MEDAM 07-14



"ഓം നമഃ ശിവായ
ശ്രീ നെയ്തലക്കാവിലമ്മേ ശരണം"

ഭക്തജനങ്ങളെ,

പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരം ഈ വർഷവും ആചാരനുഷ്ഠാനങ്ങളോടെ ആഘോഷിക്കപ്പെടുകയാണ്. തൃശ്ശൂർ പൂരത്തിന്റെ ഘടക ക്ഷേത്രമായ ശ്രീ നെയ്തലക്കാവ് ക്ഷേത്രത്തിലെ ചടങ്ങുകളും പൂർവ്വാധികം മിഴിവുറ്റതാക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു. ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പാലക്കാട്ടിരി നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ **2026 ഏപ്രിൽ 20 തിങ്കളാഴ്ച കൊടികയറി ഏപ്രിൽ 27 തിങ്കളാഴ്ച** വൈകീട്ട് ദീപരാധനയ്ക്കു ശേഷം കൊടിയിറക്കത്തോടെ പൂരം ചടങ്ങുകൾ സമാപിക്കുന്നു. തൃശൂർ പൂരത്തിൽ പങ്കെടുക്കുന്ന ഘടകക്ഷേത്രങ്ങളിൽ നെയ്തലക്കാവ് ക്ഷേത്രത്തിനു പ്രാധാന്യം ഏറെയുണ്ട്. തൃശൂർപൂരത്തിന് നാന്ദി കുറിക്കുന്ന ചടങ്ങായ പൂരം വിളംബരം ചെയ്യാനുള്ള അധികാരം നെയ്തലക്കാവിലമ്മയ്ക്ക് മാത്രം അനുവദിച്ചിരിക്കുന്ന അവകാശമാണ്.

## തൃശൂർ പൂരം വിളംബരം : 2026 ഏപ്രിൽ 25 ശനി
## തൃശൂർ പൂരത്തിന് നാന്ദി കുറിക്കുന്ന ചടങ്ങ്, നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആചാരം!

ശക്തൻതമ്പുരാൻ വിഭാവനം ചെയ്ത് സാക്ഷാത്കരിച്ച തൃശൂർ പൂരം സാർത്ഥകമാക്കുന്നത് നെയ്തലക്കാവിലമ്മയാണ്. ക്ഷേത്രത്തിൽ നിന്നും രാവിലെ 8.00 മണിയോടെ നാദസ്വരത്തിന്റെ അകമ്പടിയോടെ നെയ്തലക്കാവ് ഭഗവതി പുറപ്പെടുന്നു. 10 മണിയോടെ മണികണ്ഠനാൽ തറയിലെത്തി മേളരത്നം കിഴക്കൂട്ട് അനിയൻ മാരാരുടെ മേള പ്രമാണത്തോടെ വടക്കുംനാഥ സന്നിധിയിലേക്ക് എഴുന്നെള്ളുന്നു. സർവ്വവും മംഗളമായി നടത്തിത്തരുന്നതിന് വടക്കുംനാഥനെ വണങ്ങി അനുവാദം ചോദിച്ച് തെക്കേ ഗോപുര വാതിൽ തുറന്ന് ദേവസന്നിധിയിലേക്ക് എല്ലാ ഘടകപൂരങ്ങളെയും, ഭക്തജനങ്ങളേയും, പൂരാസ്വാദകരേയും സ്വാഗതം ചെയ്യുന്നു. തുടർന്ന് ശ്രീമൂലസ്ഥാനത്തെത്തി നിലപാട് തറയിൽ കയറി ശംഖു മുഴക്കുന്നതോടെ തൃശൂർ പൂരത്തിന് ഔദ്യോഗിക തുടക്കം കുറിക്കും.

## നെയ്തലക്കാവിലമ്മയുടെ പൂരം പുറപ്പാട് 2026 ഏപ്രിൽ 26 ഞായർ

തൃശൂർ പൂരത്തിന് പങ്കാളിത്തം വഹിക്കുവാൻ രാവിലെ 8.00ന് നാദസ്വരത്തിന്റെ അകമ്പടിയോടെ ക്ഷേത്രത്തിൽ നിന്നും പുറപ്പെടുന്നു. നാടുവിലാൽ ഗണപതി തറയിൽ ഇറക്കി പൂജയ്ക്കു ശേഷം 10.45 മണിയോടെ 11 ആനകളെ അണിനിരത്തികൊണ്ട് പ്രൗഢഗംഭീരമായ പകൽപ്പൂരം ആരംഭിക്കുന്നു. പെരുവനം പ്രകാശൻ മാരാർ മേളത്തിന് പ്രമാണം വഹിക്കുന്നു ഉച്ചയ്ക്ക് 12.45 മണിയോടെ ശ്രീ മൂലസ്ഥാനത്തെത്തി മേളം അവസാനിപ്പിച്ച് വടക്കുംനാഥനെ വണങ്ങി തെക്കേ ഗോപുരം വഴി ഇറങ്ങി പഴയനടക്കാവ് ശ്രീ കാർത്ത്യായനി ക്ഷേത്രത്തിലെത്തി ഇറക്കി പൂജ നടത്തുന്നു. രാത്രിയിൽ അവിടെ നിന്നും കോലം എഴുന്നെള്ളിച്ച് നടുവിലാൽ ഗണപതി തറയിൽ എത്തി 12 മണിക്ക് കൂട്ടി എഴുന്നെള്ളിച്ച് 1 മണിക്ക് മേളം കലാശിച്ച് പൂര ചടങ്ങുകൾ അവസാനിപ്പിച്ച് നെയ്തലക്കാവ് ക്ഷേത്രത്തിലേക്ക് മടങ്ങുന്നു.

## കൊടിയിറക്കൽ പൂരം : 2026 ഏപ്രിൽ 27 തിങ്കൾ

പൂരം കഴിഞ്ഞു പിറ്റേന്ന് ദീപാരാധനയ്ക്ക് ശേഷം തീർത്ഥകുളത്തിലെ ആറാട്ട് കഴിഞ്ഞ് നെയ്തലക്കാവിലമ്മയുടെ കൊടിയ്ക്കൽ പൂരം ആരംഭിക്കുന്നു, ശ്രീ. കുറ്റൂർ ആകാശ് മാരാർ മേളത്തിന് പ്രമാണം വഹിക്കും. നടപ്പുരയിലെത്തി മേളം കലാശിച്ചു ഏഴു തവണ ശ്രീകോവിലിനെ വലംവെച്ച് തിടമ്പേറ്റിയ ഗജവീരൻ കൊടിമരം പിഴുതെടുക്കുന്നതോടെ നെയ്തലക്കാവിലമ്മയുടെ ഈ വർഷത്തെ തൃശൂർ പൂരാഘോഷങ്ങൾക്ക് പരിസമാപ്തി കുറിക്കുന്നു. ആഘോഷ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് എല്ലാ ദക്തജനങ്ങളുടെയും സഹായ സഹകരണങ്ങൾ സവിനയം അഭ്യർത്ഥിച്ചു കൊള്ളുന്നു.

**നെയ്തലക്കാവ് ക്ഷേത്ര ഉപദേശക സമിതി, കുറ്റൂർ, തൃശ്ശൂർ**



| പ്രസിഡന്റ് | സെക്രട്ടറി | ഓഡിറ്റർ |
|---|---|---|
| ശ്രീ. അനൂപ് ടി. | ശ്രീ. സജീഷ് എൻ. ആർ. | ശ്രീ. സുരേന്ദ്രൻ ടി. കെ. |
| 9400289844 | 7558891333 | 8547645337 |




# തൃശ്ശൂർ പൂരം ചടങ്ങുകൾ

## 2026 ഏപ്രിൽ 20 തിങ്കളാഴ്ച (1201 മേടം 07)

സന്ധ്യക്ക് ദീപാരാധനക്കുശേഷം **പൂരം കൊടിയേറ്റം**

സ്ഥലശുദ്ധി, ആറാട്ട്, നവകം, ശ്രീഭൂതബലി,

തുടർന്ന് എല്ലാ ദിവസവും കാലത്ത് ആറാട്ട്, ഉച്ച പൂജ, നവകം, ശ്രീഭൂതബലി

## 2026 ഏപ്രിൽ 23 വ്യാഴാഴ്ച (1201 മേടം 10)

വൈകീട്ട് 4 മണിക്ക് അയ്യന്തോൾ ശ്രീ കാർത്ത്യായനി

ക്ഷേത്രത്തിലേക്ക് ഭഗവതിയുടെ **പൂരപറപ്പുറപ്പാട്**

## 2026 ഏപ്രിൽ 25 ശനിയാഴ്ച (1201 മേടം 12)

രാവിലെ ക്ഷേത്രച്ചടങ്ങുകൾക്ക് ശേഷം

8.00 ന് നാദസ്വരത്തോടുകൂടി

ശ്രീ വടക്കുംനാഥന്റെ തെക്കേ ഗോപുര നട തുറന്ന്

**പൂര വിളംബരത്തിനായി ഭഗവതിയുടെ പുറപ്പാട്**

നാദസ്വരം : കൃഷ്ണ ബ്രദേഴ്സ് തൃശ്ശൂർ

**തെക്കേ ഗോപുരനട തുറക്കൽ**

മേളം : **മേളരത്നം കിഴക്കൂട്ട് അനിയൻ മാരാർ മുതൽപേർ**

## 2026 ഏപ്രിൽ 26 ഞായറാഴ്ച (1201 മേടം 13)

**തൃശ്ശൂർ പൂരം**

രാവിലെ ക്ഷേത്ര ചടങ്ങുകൾക്ക് ശേഷം

8.00 ന് നാദസ്വരത്തോടുകൂടി ഭഗവതിയുടെ പൂരം പുറപ്പാട്

മേളം : **പെരുവനം പ്രകാശൻ മാരാർ മുതൽപേർ**

## 2026 ഏപ്രിൽ 27 തിങ്കളാഴ്ച (1201 മേടം 14)

വൈകീട്ട് ദീപാരാധനയ്ക്ക് ശേഷം ആറാട്ട് എഴുന്നള്ളിപ്പ്

മേളം : **ആകാശ് മാരാർ കുറ്റൂർ മുതൽപേർ**

തുടർന്ന് : **പൂരം കൊടിയിറക്കം**




SCAN FOR PAY

## OUR BANK ACCOUNT DETAILS

| | | |
|---|---|---|
| Account Name | : | NAITHALAKKAVU KSHETHRA UPADESAKA SAMITHY |
| Account No. | : | 008700100014820 |
| IFSC Code | : | DLXB0000087 |
| MICR | : | 680048012 |
| Bank | : | Dhanlaxmi Bank, Kottekkad Branch |